പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5888** | **19-11-2019 ൽ മറുപടിക്ക്**

## ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാനായി നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. ഷാനിമോൾ ഉസ്മാൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| എ) | ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാനായി ഹാർഡ് വെയർ മിഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹാർഡ് വെയർ വികസനത്തിനായി ലാപ് ടോപ് സെർവർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, വൈദ്യുത വാഹനങ്ങൾ സംബന്ധിച്ച നയരൂപീകരണം, അന്താരാഷ്ട്ര ഡസ്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ലാപ്ടോപ്പിന്റെയും സെർവറിന്റെയും നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അറിയിക്കുമോ; | സി) | 'കോകോണിക്സ്' എന്ന പേരിൽ പൊതു സ്വകാര്യ ഐ ടി ഹാർഡ് വെയർ നിർമ്മാണ കമ്പനി നവംബർ 2018 മുതൽ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ഇന്റൽ, യു.എസ്.ടി ഗ്ലോബൽ എന്നീ കമ്പനികളുമായി സഹകരിച്ച് കേരളത്തിൽ ലാപ് ടോപ്, സെർവർ നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങികഴിഞ്ഞു. |
| ഡി) | 2019-20 ലെ സംസ്ഥാന ബഡ്ജറ്റിൽ ഹാർഡ് വെയർ മിഷന്റെ പ്രവർത്തനത്തിന് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ? | ഡി) | 2019-20 ൽ ഹാർഡ് വെയർ മിഷന്റെ പ്രവർത്തനത്തിനായി തുക വകയിരുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ